# Covid 19: Vidya student utilises his leisure time for bottle painting



The necessity of remaining confined to one’s own house and the consequent enforced idleness caused by the national lock down to combat the COVID 19 pandemic, has helped germinate and bloom the seeds of creativity among many youngsters. These pages had already carried several reports on the blossoming of creative talents among the Vidya’s students. The Editorial Team is happy to present one more such story.

Elloy Neelamkavil, a student of S4 B Tech (ME) class of Vidya, is spending his  time to create beautifully painted glass bottles. His efforts caught the attention of the media and the *Deepika* daily newspaper carried a special report on Elloy’s work.

# ചിത്രകലയെ പാട്ടിലാക്കി എലോയ് പെയിന്റിംഗ്



എലോയ് നീലങ്കാവിൽ വീടിന്റെ ചുമരിൽ വരച്ചൊരുക്കുന്ന ചിത്രം. കുപ്പികളിൽ വരച്ച ഫാബ്രിക് പെയിന്റിംഗും കാണാം. ഇൻസെറ്റിൽ എലോയ്.

**കോളങ്ങാട്ടുകര:** ചിത്രകല പഠിച്ചിട്ടില്ല, പരിശീലിച്ചിട്ടുമില്ല. ലോക്ക് ഡൗണിൽ കുടുങ്ങി വീട്ടിൽ ഇരിപ്പായപ്പോൾ എലോയ് ബ്രഷെടുത്തു. വീട്ടിൽ ആവശ്യമില്ലാത്തതും ഉപേക്ഷിച്ചതുമായ കുപ്പികളിൽ ആ ബ്രഷുകൊണ്ടു കോറിയിട്ടപ്പോൾ അതൊരു ചിത്രകലയായി.

ഭാവനയിൽ മുക്കിയ ബ്രഷ് കുപ്പികളിൽ ഓടിക്കളിച്ചപ്പോൾ അതൊരു ചിത്രകലാ കളരിയായി. ഫാബ്രിക് പെയിന്റ് ഉപയോഗിച്ച് ഒരു പയറ്റങ്ങു പയറ്റി. അങ്ങനെ ചിത്രകലയെ പാട്ടിലാക്കി. വരച്ചൊരുക്കിയപ്പോൾ അതൊരു മനോഹര കലാശിൽപമായി. വീട്ടുകാരും കൂട്ടുകാരുമെല്ലാം അനുമോദിച്ചു.

അതാണൊരു ധൈര്യം. പിന്നെ എലോയ്‌യുടെ ബ്രഷ് സ്വന്തം വീടിന്റെ ചുമരുകളിലേക്കു നീണ്ടു.

പൂക്കളും പുലിയും ഫുട്ബോൾ താരവും മുൾക്കിരീടമണിഞ്ഞ യേശുക്രിസ്തുവുമെല്ലാം ആ വിരലുകളിലൂടെ ചുമരുകളിൽ ജീവൻ തുടിക്കുന്ന ചുമർചിത്രങ്ങളായി. സ്വിച്ച് ബോർഡിനു മുകളിലും ജനലുകളുടേയും വാതിലുകളുടേയും കട്ടിളകൾക്കരികിലും ആ ചിത്രങ്ങൾ നിറഞ്ഞു.

വിദ്യ എൻജിനിയറിംഗ് കോളജിൽ രണ്ടാംവർഷ മെക്കാനിക്കൽ എൻജിനിയറിംഗ് വിദ്യാർഥിയാണ് എലോയ് നീലങ്കാവിൽ. അവണൂർ പഞ്ചായത്ത് പ്രസിഡന്റായിരുന്ന കോൺഗ്രസ് നേതാവ് ബാബു നീലങ്കാവിലിന്റെ മകനാണ്.














